# ജി.ഡബ്ല്യൂ.എൽ.പി. സ്കൂൾ, ഒലവക്കോട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



പഴയ സ്കൂൾ കെട്ടിടങ്ങൾ




പുതിയ സ്കൂൾ കെട്ടിടങ്ങൾ, കിച്ചൺ

## ആമുഖം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണെന്നും വിദ്യാഭ്യാസത്തിന്റെ നിർവ്വചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹത്തിന് ബോധ്യപ്പെടുത്തുന്ന വിധത്തിലുള്ള കർമ്മ പദ്ധതികൾ ഉൾക്കൊള്ളുന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാഭ്യാസ അവകാശ നിയമങ്ങൾ പാലിച്ചുകൊണ്ട് കുട്ടിയിൽ ആർജ്ജിക്കേണ്ട കാര്യങ്ങൾ യഥാസമയം ആർജ്ജിച്ചു എന്ന് ഉറപ്പു വരുത്തുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ലക്ഷ്യം സ്വാർ ത്ഥകമാക്കുകയും ചെയ്യുന്ന വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികളാണ് ഇതിൽ ഉൾ ക്കൊള്ളിച്ചിട്ടുള്ളത്.

# വിദ്യാലയ ചരിത്രം

പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം പഞ്ചായത്തിൽ ഉൾപ്പെടുന്ന വാർഡ് നാലിൽ സ്ഥിതി ചെയ്യുന്ന സർക്കാർ നിയന്ത്രണത്തിലുള്ള പ്രാഥമിക പാഠശാലയാണ് ജി.ഡബ്ള്യൂ.എൽ.പിഎസ്. ഒലവക്കോട്. 1929 ൽ ആണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. കാട്ട് കിഴങ്ങും കാട്ടാറിലെ വെള്ളവും കുടിച്ച് കഴിഞ്ഞിരുന്ന നിരാലംബരായ അസംഖ്യം നായാടി വിഭാഗത്തിൽ പ്പെട്ട പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി ആരംഭിച്ച പൊതുജനപാഠശാലയായിരുന്നു ഈ സ്കൂൾ. ഗവൺമെൻറ് ലേബർ സ്കൂൾ എന്ന പേരിൽ ആണ് ആദ്യം അറിയപ്പെട്ടിരുന്നത്. 1951 ൽ ഗവൺമെൻറ് ഹരിജൻ വെൽഫയർ എന്ന പേരിലും പിന്നീട് അത് ഗവൺമെൻറ് വെൽഫയർ എന്ന പേരിലും പുനഃർ നാമകരണം നടത്തപ്പെടുകയും ആണ് ചെയ്തത്. ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസുകളിലാണ് പഠനം നടക്കുന്നത്. ഗ്രാമത്തിലെ ഏറ്റവും നല്ല വിദ്യാലയമായി ഈ വിദ്യാലയം മാറുകയും ചെയ്തിരുന്നു.

അറിയാൻ പഠിക്കുക, പ്രവർത്തിക്കാൻ പഠിക്കുക, പങ്കിടാൻ പഠിക്കുക, സ്വയം തിരിച്ചറിയാൻ പഠിക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ഈ ലക്ഷ്യബധത്തിലേക്ക് കുട്ടികളെ എത്തിക്കാൻ പ്രയത്നിച്ച ഞങ്ങളുടെ മുൻഗാമികളെ സ്മരിച്ചുകൊണ്ട് ഈ വിദ്യാലയത്തിൻറെ ചരിത്രം കുറിക്കുന്നു.

പാലക്കാട് ജില്ലയിൽ ഒലവക്കോടിന് സമീപം കല്ലേക്കുളങ്ങരയിൽ വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നാക്കം നിൽക്കുന്നതും മുൻകാലങ്ങളിൽ ജാതി ഭ്രഷ്ട് കല്പിച്ചിരുന്നവരുമായ നായാടി സമുദായം താമസിക്കുന്നത് അന്നത്തെ സാമൂഹ്യ പരിഷ്കർ ത്താക്കളും ബുദ്ധി ജീവികളും ഈ വിഭാഗത്തെ സമൂത്തിനെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസത്തിലൂടെ മാത്രമേ അത് സാധ്യമാവുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ് 1929 ൽ ഗവൺമെൻറ് ലേബർ സ്കൂൾ ഒലവക്കോട് എന്ന പേരിൽ അവരുടെ കോളനിയിൽ തന്നെ ഒരു താൽക്കാലിക കെട്ടിടത്തിൽ വിദ്യാലയം ആരംഭിച്ചു. ശ്രീ. കെ.എം. നാരായണ തിരുമുമ്പ് ആണ് ആദ്യത്തെ പ്രധാനാദ്ധ്യാപകൻ എന്ന് അനുമാനിക്കുന്നു. 1936 ൽ ശ്രീ. കെ. പി. ശങ്കുണ്ണി പ്രധാന അദ്ധ്യാപകൻ ആയിരുന്ന കാലത്ത് അഞ്ചാം ക്ലാസ് തുടങ്ങി. സാമ്പത്തിക പിന്നാക്കാവസ്ഥ മൂലം സ്ഥിരമായ ഒരു കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞില്ല. 1949 ൽ ഈ വിദ്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടം നിലംപൊത്തി.

വിദേശ ഭരണ കാലത്ത് ഇൻഡസ്ട്രിയൽ എന്ന സ്ഥലത്ത് ബ്രിട്ടീഷ് പട്ടാളം ടെൻറ് കെട്ടി താമസിച്ചപ്പോൾ അവരുടെ ആഹാര ആവശ്യത്തിന് വേണ്ടി കശാപ്പ് ശാല എന്ന് അറിയപ്പെടുന്ന ഒരു കെട്ടിടം നിർമ്മിച്ചിരുന്നു. സ്വാതന്ത്ര്യ ലബ്ദിയോടെ പട്ടാളം ഒഴിഞ്ഞുപോയപ്പോൾ ഉപയോഗ ശൂന്യമായ ആ കെട്ടിടം പുതുക്കി പണിത് സ്കൂൾ അതിലേയ്ക്ക് മാറ്റുകയാണുണ്ടായത്. 13.06.1949 ൽ ശ്രീ. എ. വി. കുഞ്ഞിരാമൻ നമ്പ്യാർ പ്രധാന അദ്ധ്യാപകനായിരുന്നപ്പോഴാണ് വിദ്യാലയം പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത്. അദ്ധേഹത്തിൻറെ കാലത്ത് തന്നെ 1951 ഏപ്രിൽ മാസത്തിൽ ഗവണ്മെൻറ് ഹരിജൻ വെൽഫയർ സ്കൂൾ എന്ന പേര് മാറ്റമുണ്ടായി. അപ്പോൾ 150.6 സെൻറ് സ്ഥലം ഉണ്ടായിരുന്നു. 1960 ഫെബ്രുവരിയിൽ ശ്രീ. വി. ടി. കുരിയാക്കു മാസ്റ്റർ പ്രധാന അദ്ധ്യാപകനായിരുന്ന കാലത്ത് ഗവൺമെൻറ് വെൽഫെയർ എൽ.പി. സ്കൂൾ എന്നായി സ്കൂളിന്റെ പേര് അത് ഇന്നും തുടർന്നു പോകുന്നു.

## പൊതു വിശകലനം

സാമൂഹ്യപരമായും സാമ്പത്തിക പരമായും വിദ്യാഭ്യാസ പരമായും വളരെ പിന്നാക്കം നിന്നിരുന്ന പാലക്കാട് ജില്ലയിലെ കല്ലേക്കുളങ്ങരയിൽ പുതുപ്പരിയാരം പഞ്ചായത്തിലെ നാലാം വാർഡിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പട്ടിക വർഗ്ഗ പ്രീമെട്രിക് ഹോസ്റ്റൽ, മേലെമുരളി, താഴെ മുരളി, ലക്ഷം വീട് കോളനി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മേഖല എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് വിദ്യാലയത്തിൽ പഠിക്കുന്നത്. 75 സെൻറ് സ്ഥലം ഈ പൊതവിദ്യാലയത്തിന് സ്വന്തമായുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഒന്നും തന്നെ മോശമല്ലാത്ത ഈ സ്കൂളിൽ അദ്ധ്യയനത്തിനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയതോതിൽ ഉള്ള ഇടിവ് സംഭവിച്ചതാണ് രേഖകൾ വ്യക്തമാക്കുന്നു. ഒരു കാലഘട്ടത്തിൽ ഒന്നുമുതൽ അഞ്ച് വരെ ക്ലാസുകളിലായി 200 അധികം കുട്ടികൾ പിഠിച്ചിരുന്ന ഈ സ്ഥാപനത്തിൽ ഇന്ന് കേവലം 23 കുട്ടികളാണ് ഈ വർഷം പഠിക്കുന്നത്. ജി.എൽ.പി.സ്കൂൾ പുതുപ്പരിയാരം, ജി.എച്ച്.എസ്. ഉമ്മിനി, ഹേമാംബിക എച്ച്.എസ്. എന്നീ പൊതു വിദ്യാലയങ്ങളും, സെൻ്റ് തോമസ്, വിദ്യാവികാസ് എന്നീ സ്വകാര്യ വിദ്യാലയങ്ങളും സ്കൂളിനോട് അടുത്ത് തന്നെ സ്ഥിതി ചെയ്യുന്ന എന്നതും കുട്ടികളുടെ എണ്ണം കുറിയുന്നതിന് കാരണായിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- മുഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക.
- പിന്നാക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠ പുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
- പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യാവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പാക്കുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർ ത്തനങ്ങളിൽ ഏർപ്പെടുക.
- വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പാക്കാൻ അടുക്കളത്തോട്ടം പദ്ധതി നടപ്പാക്കുക.

## അദ്ധ്യാപകരും ജീവനക്കാരും

| | | |
|---|---|---|
| 1. | ശ്രീലത പി.ടി. | എച്ച്.എം.<br>രണ്ടാം ക്ലാസ്<br>വയോജന ക്ലബ്ബ്<br>സേഫ്റ്റി സുരക്ഷാ ക്ലബ്<br>ഇംഗ്ലീഷ് ക്ലബ് |
| 2. | രജീഷ് സി. എ | നാലാം ക്ലാസ്<br>എസ്.ആർ.ജി. കൺവീനർ<br>ലൈബ്രറി<br>ആർട്സ് ക്ലബ്<br>സ്പോർട്സ് ക്ലബ് |
| 3. | കൊച്ചുമോൻ വി. സി. | മൂന്നാം ക്ലാസ്<br>സ്റ്റാഫ് സെക്രട്ടറി<br>നൂൺ മീൽ ഇൻചാർജ്<br>ഗണിതം ക്ലബ്<br>ഐടി.ക്ലബ് |
| 4. | ഗീതു ജി. വി. | അഞ്ചാം ക്ലാസ്<br>സയൻസ് ക്ലബ്<br>സോഷ്യൽസയൻസ് ക്ലബ്<br>പരിസ്ഥിതി ക്ലബ്<br>ഹിന്ദി ക്ലബ് |
| 5. | പ്രിൻസി പി. | ഒന്നാം ക്ലാസ്<br>വിദ്യാരംഗം കലാ സാഹിത്യവേദി<br>ഹരിതം കാർഷിക ക്ലബ്<br>പ്രവർത്തി പരിചയം |
| 6. | ബാലകൃഷ്ണൻ പി. എൽ. | പി.ടി.സി.എം |
| 7. | വിജയശ്രീ. ആർ. | കുക്ക് |

മേഖല : ഭൗതിക സാഹചര്യം

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകനം |
|---|---|---|---|---|---|
| 1 | വിദ്യാലയ സൗന്ദര്യ വൽ ക്കരണം | കമാനം നിർമ്മാണം | 2025-26 | പ്രഥാദ്ധ്യാപിക എസ്.എം.സി. പി.ടി.എ | പഞ്ചായത്ത് ഫണ്ട് |
| 2 | ശുദ്ധജലം | സ്കൂളിലെ നിലവിലെ കിണർ വൃത്തയാക്കി ആഴം വർ ദ്ധിപ്പിക്കൽ, റീ ചാർ ജ്ജിംഗ് | 2025-26 ജനവരി - ഫെബ്രുവരി | പ്രഥമാദ്ധ്യാപിക പി.ടി.എ | പഞ്ചായത്ത് ഫണ്ട് |
| 3. | സുരക്ഷ | അപകടാവസ്ഥയില്യള്ള കെട്ടിടങ്ങൾ മുഴുവൻ പൊളിച്ച മാറ്റൽ | 2025-26 | പ്രഥമാദ്ധ്യാപിക പഞ്ചായത്ത് വിദ്യാഭ്യാസ വകുപ്പ് | പഞ്ചായത്ത് ഫണ്ട് |
| 4 | മികവാർന്ന ക്ലാസ് മുറികൾ | ജീർ ണ്ണാവസ്ഥയില്യള്ള സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റൽ, തറയിൽ ടൈൽ വിരിക്കൽ | 2025-26 | പ്രഥമാദ്ധ്യാപിക പി.ടി.എ എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |
| 5 | സ്കൂൾ സൗന്ദര്യ വൽക്കരണം | സ്കൂൾ ഗാർഡൻ | 2025-26 | പ്രഥമാദ്ധ്യാപിക പി.ടി.എ എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |
| 6 | പോഷക സമ്പുഷ്ടമായ വിഷരഹിത പച്ചക്കറി | അടുക്കളത്തോട്ടം | 2025-26 | പ്രഥമാദ്ധ്യാപിക പി.ടി.എ എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |
| 7 | കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ | സ്കൂൾഗ്രൗണ്ട് നവീകരണം. ജംപിങ് പിറ്റ് നിർ മ്മാണം | 2025-26 | പ്രഥമാദ്ധ്യാപിക പി.ടി.എ എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |
| 8 | സ്കൂൾ സൗന്ദര്യ വൽക്കരണം | ഇന്റർ ലോക് ചെയ്ത മുറ്റം | 2025-26 | പ്രഥമാദ്ധ്യാപിക പി.ടി.എ എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |
| 9. | ഭിന്നശേഷി സൗഹൃദം | പുതിയ കെട്ടിടത്തിൽ റാംപ് സ്ഥാപിക്കൽ | 2025-26 | പ്രഥമാദ്ധ്യാപിക പി.ടി.എ | പഞ്ചായത്ത് ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | എസ്.എം.സി. | |
| 10 | ശുചിത്വം | പുതിയ ടോയ്‌ലറ്റ് നിർമ്മാണം | 2025-26 | പ്രധമാദ്ധ്യാപിക<br>പി.ടി.എ<br>എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |
| 11 | സുരക്ഷ | അപകട ഭീഷണി ഉയർത്തുന്ന മരങ്ങൾ മുറിച്ച് മാറ്റൽ | 2025-26 ജൂൺ | പ്രധമാദ്ധ്യാപിക<br>പി.ടി.എ<br>എസ്.എം.സി. | പഞ്ചായത്ത് ഫണ്ട് |

## വിഷയാടിസ്ഥാനത്തിലുള്ള പഠന പ്രവർത്തനങ്ങൾ

### മേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷയുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷകമാക്കൽ | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാ സന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരുകളിൽ ചിത്രങ്ങൾ വരയ്ക്കുന്നു. | 2025-26 | 10000 | പൂർവ്വവിദ്യാർത്ഥികൾ |
| ഭാഷാ പരമായ അടിസ്ഥാന ശേഷി കൈവരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. കൈതാങ്ങ് പഠന ക്ലാസുകളിൽ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br><br>കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കുവാൻ പറ്റുന്ന രീതിയിൽ വായനാ മൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | 2025-26 | 2000<br><br>5000 | മലയാളം ക്ലബ്<br><br>മലയാളം ക്ലബ് |
| വായനാ ശീലം വർദ്ധിപ്പിക്കൽ | ഓരോ ക്ലാസിലും രണ്ടാഴ്ച കൂടുമ്പോൾ ഒരു പുസ്തകത്തിന്റെ മൂന്ന് കോപ്പികൾ നൽകുന്നു. രണ്ടാഴ്ച പൂർത്തിയാകുമ്പോൾ ആ പുസ്തകവുമായി ബന്ധപെട്ട | 2025 ഒക്ടോബർ മുതൽ | | മലയാളം ക്ലബ് |

| | | | | |
|---|---|---|---|---|
| | ക്വിസ് മൽസരം ക്ലാസിൽ സംഘടിപ്പിക്കൽ. | | | |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുക | ചങ്ങാതിക്കൂട്ടം, വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തി കുട്ടികൾക്കായുള്ള ക്യാപ് സംഘടിപ്പിക്കൽ | 2025 | 10000 | പി.ടി.എ |
| വായനാ ശീലം വർദ്ധിപ്പിക്കൽ | വർത്തമാനപത്രം, പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ | 2025-26 | 3000 | എസ്.എം.സി. |

## Area : English Language

| Objectives | Activity | Duration | Finance | Agency |
|---|---|---|---|---|
| Vocabulary | Word games<br>Words study using Computer Spelling Context<br>Making Cross Word puzzles<br>Dictionary makingusing the words of the text book | 2025-26 | 5000 | Teachers and Students |
| Hand Writing | Writing with ICT facilities<br>Peer group learning<br>English Diary | 2025-26 | 500 | Teachers and Students |
| Support to slow pace learners | TM and TLM addressing the slow pace learners.<br>Special coaching classes fro slow pace learners.<br>Conducting action research on slow pace learners. | 2025-26 | 1000 | Teachers and Students |
| Effective Teaching | Classes in the target language for teachers.<br>Workshop for teachers by language experts.<br>Workshop for teachers on teaching materials | 2025-26 | 10000 | PTA, MPTA, Teachers |
| Pronouciation | Audio, video clipping on correct pronouciation.<br>Language lab<br>ICT facilities<br>Video Clippings<br>Readers Theatre | 2025-26 | 5000 | PTA, MPTA, Teachers |

മേഖല : പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സ്വന്തം പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ കൈവരിക്കൽ | പ്രാദേശിക ഭൂപടം തയ്യാറാക്കൽ. ചുമരിൽ ജില്ല, കേരളം, ഇന്ത്യ, പഞ്ചായത്ത്, വാർഡ് എന്നിവയുടെ ഭൂപടം തയ്യാറാക്കൽ. | 2025-26 ജൂൺ - ഡിസംബർ | 10000 | പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എസ്.എം.സി. |
| പഴയ കാല ഉപകരണങ്ങളെക്കുറിച്ച് അറിവ് നേടൽ | വീടുകളിൽ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ ശേഖരിക്കൽ. സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ. | 2025-28 മൂന്ന് വർഷം | 50000 | പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എസ്.എം.സി. |
| പ്രാദേശിക ചരിത്രം അറിയൽ | മുതിർന്ന പൗരന്മാരുമായി അഭിമുഖം ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠന യാത്ര. പ്രാദേശിക ചരിത്രം രചന. | 2025-26 | 10000 | പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എസ്.എം.സി. |
| ശാസ്ത്ര പഠനം ലളിതവും ആകർഷകവുമാക്കൽ | ഐ.ടി. അധിഷ്ഠിത ടീച്ചിംഗ് മാന്വൽ തയ്യാറാക്കൽ. വർക്ക് ഷീറ്റ് തയ്യാറാക്കൽ. | 2025-26 | 1000 | ടീച്ചറും കുട്ടികളും |
| ചരിത്ര പ്രാധാന്യ ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറി ച്ചും ധാരണ ഉളവാക്കൽ | ദിനാചരണം സംഘടിപ്പിക്കുക. വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. അഭിമുഖം. | 2025-26 | 1000 | ടീച്ചറും കുട്ടികളും |
| പൗരധർമ്മം മനസ്സിലാക്കുക | വിദഗ്ധരായവരുടെ ക്ലാസ് സംഘടിപ്പിക്കുക. ഫീൽഡ് ട്രിപ്പ്. സ്കൂൾ പാർലമെന്റ് രൂപീകരണം. | 2025-26 | 10000 | പൂർവ്വ വിദ്യാർത്ഥികൾ സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് |
| ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | ക്ലാസ് സംഘടിപ്പിക്കുക. ജൈവ വൈവിധ്യങ്ങളെക്കുറിച്ച് അവബോധം നൽകുക. ജൈവ വൈവിധ്യ പാർക്ക്. പഠന യാത്ര. അക്വേറിയം, മരം നടൽ, വേനലിൽ പക്ഷികൾക്ക് കുടിനീരൊരുക്കൽ. | 2025-26 | 5000 | പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് |

### മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിശു സൗഹൃദ പഠന സാമഗ്രി ഉറപ്പാക്കുക | ഗണിത ലാബ് ശാക്തീകരണം<br>ക്ലാസ് ഗണിത ലാബ് ശാക്തീകരണം | 2025-26<br>ജൂൺ - ഡിസംബർ | 10000 | പൂർവ്വവിദ്യാർത്ഥികൾ,<br>പി.ടി.എ<br>എസ്.എം.സി. |
| ഗണിത ശേഷി മുഴുവൻ കുട്ടികളിലേക്ക് എത്തിക്കൽ | ഗണിത ക്ലിനിക്ക്<br>വർക്ക് ഷീറ്റ്<br>ജിയോജിബ്ര പരിശീലനം<br>ഗണിത സ്കിറ്റ് അവതരണം | 2025-26<br>ജൂൺ - ആഗസ്റ്റ് | 5000 | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി<br>പി.ടി.എ |
| ഗണിത പഠനം കൂടുതൽ രസകരമാക്കുന്നതിനും ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടുന്നതിനും | ഗണിത മാഗസിൻ<br>ചുമർ പത്രികകൾ<br>ഗണിത ശാസ്ത്രമേള സ്കൂൾ തലം<br>ചോദ്യോത്തര പെട്ടി | 2025-26<br>ആഗസ്റ്റ് - മാർച്ച് | 5000 | പി.ടി.എ<br>ഗണിത ക്ലബ്ബ് |
| ഗണിത കളി, ചെസ്സ്, പസിൽസ്, നാട്ടറിവ്, ഒറിഗാമി, സെമിനാർ, പാട്ട് എന്നിവ അടുത്തറിയൽ | ഗണിത ഗെയിം കോർണർ<br>പാട്ട്, കഥ, നാടക ക്യാമ്പ്<br>നാട്ടറിവ് ശേഖരണം<br>ചെസ്സ് ക്യാമ്പ് | 2025-26 | 4000 | എസ്.ആർ.ജി.<br>എസ്.എസ്.ജി<br>ഗണിത ക്ലബ്ബ് |

### മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പദപരിചയം | ക്ലാസിൽ കാർഡ് നിർമ്മാണം<br>പദ നിർമ്മാണം<br>അക്ഷരക്കളി | 2025-26<br>ആഗസ്റ്റ് - സെപ്തംബർ | 2000 | എസ്.എസ്.കെ. |
| അടിസ്ഥാന ശേഷി കൈവരിക്കൽ | ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക<br>വായനക്കാർഡ് നിർമ്മാണം<br>ഹിന്ദി ദിനാചരണങ്ങൾ<br>ഹിന്ദി അസംബ്ലി<br>ഹിന്ദി വാർത്ത വായന | 2025-26<br>ഒരു വർഷം | 5000 | സ്കൂൾ ഫണ്ട് |

**മേഖല : പ്രവർത്തി പരിചയം, ആരോഗ്യ കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികളിടെകായിക ക്ഷമത വർദ്ധിപ്പിക്കുക | കായിക ക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക. സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക. യോഗാക്ലാസുകൾ സംഘടിപ്പിക്കുക. പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക. | 2025-26 ഒരു വർഷം | 10000 | പി.ടി.എ എസ്.എം.സി. എസ്.എസ്.ജി. |
| സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുക. | കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുക. സ്പോർട്സ് അക്കാദമി രൂപീകരിക്കൽ. | 2025-26 ഒരു വർഷം | 10000 | പഞ്ചായത്ത് |
| പ്രവർത്തി പരിചയ പരിശീലനം നൽകൽ | പ്രവർത്തി പരിചയ മേഖലകളിൽ കഴിവുള്ള പ്രാദേശിക വ്യക്തികളെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പരിശീലനം നൽകുക. | 2025-26 ഒരു വർഷം | 10000 | പി.ടി.എ എസ്.എം.സി. എസ്.എസ്.ജി. |

*****
****
***
**
*